"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം കാഞ്ഞിരക്കോട് സെൻറ് ആൻറണീസ് എച്ച്.എസ്.എസ്.-ലെ റിട്ടയേർഡ് എച്ച്.എസ്.ടി. (മലയാളം) ആയ ശ്രീമതി. ശാന്ത.സി.ഇ. ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 40589/2024 മേൽ ബഹു. ഹൈക്കോടതി യുടെ 14/03/2025 തീയതിയിലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വകുപ്പ്**

സ.ഉ.(സാധാ) നം.3684/2026/GEDN തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. കൊല്ലം കാഞ്ഞിരക്കോട് സെൻറ് ആൻറണീസ് എച്ച്.എസ്.എസ്.-ലെ റിട്ടയേർഡ് എച്ച്.എസ്.ടി. (മലയാളം) ആയ ശ്രീമതി. ശാന്ത.സി.ഇ. യുടെ 24/10/2024 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P8).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 40589/2024 മേലുള്ള 14/03/2025 തീയതി വിധിന്യായം.
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/06/2025 തീയതിയിലെ B3/2253/2024 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/06/2025 തീയതിയിലെ ഇ.റ്റി1/10539/2025/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബഹു. കേരള ഹൈക്കോടതി മുൻപാകെ കാഞ്ഞിരക്കോട് സെൻറ് ആൻറണീസ് എച്ച്.എസ്.എസ്.-ലെ റിട്ടയേർഡ് എച്ച്.എസ്.ടി. (മലയാളം) ആയ ശ്രീമതി. ശാന്ത.സി.ഇ. ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 40589/2024 മേലുള്ള 14/03/2025-ലെ വിധിന്യായപ്രകാരം ശ്രീമതി. ശാന്ത സമർപ്പിച്ച റിവിഷൻ ഹർജിയിൽ 21/06/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന വാദം കേട്ടു.

2. ശ്രീമതി. ശാന്ത.സി.ഇ. യുടെ വാദം താഴെ പറയും പ്രകാരം ആയിരുന്നു :

കൊല്ലം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കുണ്ടറ കാഞ്ഞിരക്കോട് സെൻ്റ് ആൻ്റണീസ് ഹയർ സെക്കൻ്ററി സ്കൂളിൽ എച്ച്.എസ്.ടി.(മലയാളം) തസ്തികയിൽ സേവനത്തിലിരിക്കെ, സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി. ശാന്താ.സി.ഇ.(നീനു നിവാസ്, കാഞ്ഞിരക്കോട്, കുണ്ടറ, കൊല്ലം) ബഹു മാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)No. 40589/2024 നമ്പർ റിട്ട് ഹർജിയിലെ 14/03/2025-ലെ വിധിന്യായത്തിൽ റിട്ട് ഹർജിയിലെ വസ്തുതകൾ കോടതി പരിഗണനയിലെടുക്കുകയും ഹർജിക്കാരി ബഹുമാനപ്പെട്ട സർക്കാർ മുമ്പാകെ സമർപ്പിച്ച എക്സിബിറ്റ് പി8 റിവിഷൻ ഹർജിയിന്മേൽ, എക്സിബിറ്റ് പി5, മുതൽ പി7 വരെയുള്ള ഉത്തരവുകൾ

കൂടി പരിഗണനയിലെടുത്ത് ഹർജിക്കാരിയെ കേൾക്കാൻ അവസരം നൽകി നാല് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് കോടതി സർക്കാരിന് നിർദ്ദേശം നൽകി വിധിയായിട്ടുള്ളത്.

പ്രസ്തുത ഹർജിയിൽ, ഹർജിക്കാരി 25/06/2006 മുതൽ 31/05/2007 വരെയുള്ള എച്ച്.എസ്.എ (മലയാളം) അധിക തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ മാനേജർ 12/01/2010-ലെ ജി.ഒ.(പി) 10/2010/പൊ.വി.വ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് മേൽപ്പറഞ്ഞ സർവ്വീസ് കാലയളവ് അംഗീകരിക്കുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്.

ഹർജിക്കാരിയെ കൊല്ലം കാത്തലിക് കോർപ്പറേറ്റ് മാനേജ്മെന്റിൽപ്പെട്ട കൊട്ടിയം എൻ.എസ്.എം ഗേൾസ് ഹൈസ്കൂളിൽ 05/06/2006 മുതൽ 31/08/2006 വരെയുള്ള അവധി ഒഴിവിൽ നിയമിക്കുകയും പ്രസ്തുത നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് രേഖപ്പെടുത്തിയിട്ടുള്ള ടിയാളുടെ സേവന പുസ്തകത്തിലെ പകർപ്പ് ഹാജരാക്കി.

അപ്രകാരം അവധി ഒഴിവിൽ നിയമനാംഗീകാരത്തോടെ തുടരവെ, ഹർജിക്കാരിയെ 26/07/2006 പ്രാബല്യത്തിൽ മാനേജർ ഇതേ സ്കൂളിൽ അനുവദനീയമായ അധിക എച്ച്.എസ്.എ.(മലയാളം) തസ്തികയിലേക്ക് മാറ്റി നിയമിച്ചു. 26/07/2006 പ്രാബല്യത്തിലുള്ള അധിക തസ്തികയിലെ നിയമനാംഗീകാരത്തിനുള്ള ശുപാർശ മാനേജർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. എന്നാൽ കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ നിയമനം അംഗീകരിക്കാത്തതിനെ തുടർന്ന് ഇതേ മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിൽ അധിക തസ്തികയിൽ നിയമിക്കപ്പെട്ട മറ്റ് അദ്ധ്യാപകരുടെ നിയമനാംഗീകാര ശുപാർശകൾ കൂടി ഉൾപ്പെടുത്തി കോർപ്പറേറ്റ് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചു. എന്നാൽ ഇതേ മാനേജ്മെന്റിൽ മറ്റ് സ്കൂളുകളിലെ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനാംഗീകാര വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിഗണനയിലെടുത്തുവെങ്കിലും 17/08/2005-ലെ ജി.ഒ.(പി) 317/2005/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2006-2007 വർഷം മുതൽ അധിക തസ്തികകളിൽ നിയമന നിരോധനം നിൽക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരിയുടെ 26/07/2006 മുതലുള്ള നിയമനാംഗീകാരം നിരസിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായി (18/09/2007-ലെ ഇടി1/34930/2007/ഡി.പി.ഐ/ഡി.ഡി.സ്). 26/07/2006 പ്രാബല്യത്തിലുള്ള അധിക തസ്തികയിലെ നിയമനം അംഗീകരിക്കാതെ തുടരവെ, കോർപ്പറേറ്റ് മാനേജർ ഹർജിക്കാരിയെ 01/06/2007 പ്രാബല്യത്തിൽ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊല്ലം ക്രിസ്തുരാജ് സ്കൂളിൽ ഉണ്ടായ റഗുലർ ഒഴിവിൽ നിയമിച്ചു. പ്രസ്തുത നിയമനം 01/06/2007 മുതൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അപ്രകാരം റഗുലർ അടിസ്ഥാനത്തിൽ സേവനത്തിൽ തുടരവെ, ഹർജിക്കാരി 31/05/2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ആയതിനാൽ 26/07/2006 മുതൽ 31/05/2007 വരെയുള്ള അധിക എച്ച്.എസ്.എ.(മലയാളം) തസ്തികയിലെ സേവന കാലയളവ് അംഗീകരിക്കുന്ന വിഷയമാണ് പരിഗണിക്കപ്പെടേണ്ടത്.

17/08/2005-ലെ ജി.ഒ.(പി)317/2005/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2006-2007 മുതൽ അധിക തസ്തികകളിൽ നിയമന നിരോധനം ഏർപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 12/01/2010-ലെ ജി.ഒ.(പി) 10/2010/പൊ.വി.വ നമ്പർ ഉത്തരവ്

പ്രകാരം 2006-2007 മുതൽ നിലനിന്നിരുന്ന അധിക തസ്തികകളിലെ നിയമന നിരോധനം മുൻകാല പ്രാബല്യത്തിൽ സർക്കാർ പിൻവലിച്ചു. എന്നാൽ അധിക തസ്തികകളിൽ സേവനം അനുഷ്ഠിച്ചിരുന്ന അദ്ധ്യാപകരുടെ സേവന കാലയളവ് അംഗീകരിക്കുന്നതിന് 01/06/2010-ന് ശേഷമുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ മാനേജർ നിയമിക്കേണ്ടതാണെന്നും അപ്രകാരം നിയമിച്ചുകൊള്ളാമെന്നുമുള്ള ബോണ്ട് മാനേജർ സമർപ്പിക്കേണ്ടതാണെന്നും 12/01/2010-ലെ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ മാനേജർ ബോണ്ട് സമർപ്പിച്ചില്ല.

ഇതേ മാനേജ്മെന്റിൽപ്പെട്ട മറ്റ് സ്കൂളുകളിലെ നിരവധി അദ്ധ്യാപകരുടെ നിയമനങ്ങൾ 12/01/2010-ലെ ജി.ഒ.(പി) 10/2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചില്ലായെങ്കിലും, ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് നിയമനങ്ങൾ അംഗീകരിക്കുന്നതിന് കോടതി വിധികളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ WA No. 2091/2018 നമ്പറിലുള്ള റിട്ട് അപ്പീലിലെ വിധിന്യായത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു-

പ്രസ്തുത വിധിന്യായത്തിലെ 4-ാം ഖണ്ഡികയിലെ പ്രസക്ത ഖണ്ഡിക ചുവടെ ഉദ്ധരിക്കുന്നു-

"Hence the impugned judgments are modified and it is declared that the managers of the respective schools of the petitioners would be deemed to have executed bonds in terms of GO(10)/2010. Any appointment made in violation of the terms of the bond would resulting cancellation of such appointments".

ആയതിനാൽ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്ന സ്കൂളുകളിലെ മാനേജർമാർ ബോണ്ട് സമർപ്പിച്ചിട്ടില്ല എങ്കിലും ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് നിയമന നിരോധന കാലയളവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനങ്ങൾ ബോണ്ടിലെ വ്യവസ്ഥകൾ മാനേജർക്ക് ബാധകമാക്കി നിയമന നിരോധന കാലയളവിലെ സേവനം അംഗീകരിക്കുന്നതിനാണ് കോടതി വിധിയായിട്ടുള്ളത്.

സമാന സാഹചര്യത്തിൽ നിയമന നിരോധന കാലയളവിൽ നിയമിക്കപ്പെട്ട ഇതേ മാനേജ്മെന്റിലെ നിരവധി അദ്ധ്യാപകരുടെ നിയമനങ്ങൾ മാനേജർ 12/01/2010-ലെ ജി.ഒ.(പി) 10/2010 പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചില്ല എങ്കിൽപോലും, അപ്രകാരമുള്ള ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്തും ബോണ്ടിലെ വ്യവസ്ഥകൾ മാനേജർക്ക് ബാധകമാക്കി അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്-

1) 29/02/2024-ലെ ജി.ഒ.(ആർ.ടി)1688/2024/ജി.ഇഡി.എൻ നമ്പർ ഉത്തരവിൽ കൊല്ലം കാത്തലിക് കോർപ്പറേറ്റ് മാനേജ്മെൻ്റിൽ (ഇതേ മാനേജ്മെൻ്റിൽപ്പെട്ട) കൊല്ലം സെൻ്റ് അലോഷ്യസ് ഹയർസെക്കന്ററി സ്കൂളിൽ നിയമന നിരോധന കാലയളവിൽ നിയമിക്കപ്പെട്ട ചുവടെ പറയുന്ന 3 അദ്ധ്യാപകരുടെ നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണിച്ച് അംഗീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(i) ശ്രീമതി. ലതാറാണി എച്ച്.എസ്.എ(എസ്.എസ്) - ന്റെ കൊട്ടിയം എൻ.എസ്.എം ഗേൾസ് എച്ച്.എസ്സിലെ 27/07/2006 മുതൽ 14/06/2007 വരെയുള്ള നിയമന നിരോധന കാലയളവിലെ നിയമനം മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് അംഗീകരിച്ചിട്ടുള്ളതാണ്.

ii) കൊട്ടിയം എൻ.എസ്.എസ്. ഗേൾസ് ഹൈസ്കൂളിൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. ഹെർമെയിൻ പാറ്റേഴ്സിന്റെ 27/07/2006 മുതൽ 01/06/2008 വരെയുള്ള നിയമന നിരോധന കാലയളവിലെ നിയമനം മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് അംഗീകരിച്ചിട്ടുള്ളതാണ്.

iii) കൊട്ടിയം എൻ.എസ്.എം ഗേൾസ് ഹൈസ്കൂളിലെ ശ്രീമതി. ബെൽസിറ്റ. എ.യുടെ എച്ച്.എസ്.എ.(മലയാളം) അധിക തസ്തികയിലെ 02/06/2008 മുതൽ 31/05/2011 വരെയുള്ള കാലയളവ് മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് അംഗീകരിച്ചിട്ടുള്ളതാണ്.

2) ഇതേ മാനേജ്മെൻ്റിൽപ്പെട്ട കൊല്ലം ക്രിസ്തുരാജ് ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.ടി.(എൻ.എസ്) തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. ഷേർളിക്കുട്ടി ആൻ്റണിയുടെ 01/06/2010 മുതൽ 31/03/2011 വരെയുള്ള നിയമനം പ്രസ്തുത ഉത്തരവിലെ ഉപാധികൾക്ക് വിധേയമായി മാനേജർ ബോണ്ട് സമർപ്പിച്ചതായുള്ള പരിഗണന കൂടി ഉൾപ്പെടുത്തി അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. (28/06/2024-ലെ സ.ഉ.(സാധാ)
4095/2024/ജി.ഇ.ഡി.എൻ.)

ആയതിനാൽ സമാന സാഹചര്യത്തിൽ നിയമന നിരോധന കാലയളവിൽ ഇതേ മാനേജ്മെൻ്റിൽപ്പെട്ട നിരവധി അദ്ധ്യാപകരുടെ അധിക തസ്തികയിലെ നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണിച്ച് അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരിയുടെ 26/07/2006 മുതൽ 31/05/2007 വരെയുള്ള എച്ച്.എസ്.എ.(മലയാളം) അധിക തസ്തികയിലെ കാഞ്ഞിരക്കോട് സെന്റ് അലോഷ്യസ് ഹയർസെക്കൻ്ററി സ്കൂളിലെ നിയമനം മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായി ഹർജിക്കാരിക്ക് അർഹതപ്പെട്ട പെൻഷൻ ആനുകല്യങ്ങൾ പുനർനിർണ്ണയിച്ച് അനുവദിക്കുന്നതിനും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കും കൊല്ലം ജില്ലാ വിദ്യാഭ്യസ ഓഫീസർക്കും നിർദ്ദേശം നൽകി കോടതി വിധി നടപ്പാക്കണമെന്നും ശ്രീമതി. ശാന്ത.സി.ഇ. വാദിച്ചു.

3. പൊതു വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം പൊതുവിൽ താഴെപ്പറയും പ്രകാരം ആയിരുന്നു :

കൊട്ടിയം എൻ.എസ്.എം.ജി.എച്ച്.എസ് സ്കൂളിലെ ശ്രീമതി വിജയമ്മയുടെ അവധി ഒഴിവിൽ കൊല്ലം കോർപ്പറേറ്റ് മാനേജർ ചട്ടം 51 എ മുൻഗണനാവകാശിയായ ശ്രീമതി ശാന്ത സി.ഇ യെ എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ 05.06.2006 മുതൽ 31.08.2006 വരെ നിയമിച്ചു. ടി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

2006-07 ലെ അധിക എച്ച്.എസ്.ടി. മലയാളം തസ്തികയിൽ 26.07.2006 മുതൽ 31.05.2007 വരെ ശ്രീമതി ശാന്ത സി.ഇ യെ എൻ.എസ്.എം.ജി.എച്ച്.എസ് കൊട്ടിയം സ്കൂളിൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. 17.08.2005 ജി.ഒ.(പി) നമ്പർ 317/2005/പൊ.വി.വ നമ്പർ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി.

01.06.2007 മുതൽ റഗുലർ ഒഴിവിൽ ടിയാളെ എച്ച്.എസ്.ടി മലയാളം തസ്തികയിൽ വീണ്ടും നിയമിക്കുകയും ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ടിയാൻ 31.05.2017 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്.

12.01.2010 ലെ ജി.ഒ.(പി) 10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തികയിൽ നിലവിലുണ്ടായിരുന്ന നിയമന നിരോധനം സർക്കാർ പിൻവലിക്കുകയും നിയമന നിരോധന കാലയളവിലെ തസ്തികകൾ അനുവദിക്കുന്നതിനും ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് 01.06.2010 ന ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന ബോണ്ട് മാനേജർ സമർപ്പിക്കുന്ന പക്ഷം നിമയന നിരോധന കാലയളവിലെ നിയമനം അംഗീകരിക്കാമെന്നും സർക്കാർ ഉത്തരവായി. എന്നാൽ കൊല്ലം കോർപ്പറേറ്റ് മാനേജർ 12.01.2010 ലെ ജി.ഒ(പി) നമ്പർ 10/2010 പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന ബോണ്ട് സമർപ്പിച്ചിട്ടില്ല. ടി നിയമനം 12.1.2010 തീയതിയിലെ ജി.ഒ(പി) നം.10/10/പൊ.വി.വ ഉത്തരവിൻറെ പരിധിയിൽ വരുന്ന നിയമനമാണ്. മാനേജർ ടി ഉത്തരവ് പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നുവെങ്കിൽ നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിച്ച് നൽകുമായിരുന്നു. ഇത്തരം കേസുകളിൽ സർക്കാർ നിലവിലെ ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിയമനം അംഗീകരിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി നിയമനവും അപ്രകാരം പരിഗണിയ്ക്കാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു.

കൊല്ലം കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജർ, ജി.ഒ(പി) നമ്പർ 10/10/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് എതിരായി സുപ്രീകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട് എന്നുള്ള വിവരവും പൊതു വിദ്യാഭ്യാസ ഉദ്യോഗസ്ഥർ അറിയിച്ചു.

സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 51 എ മുൻഗണനാവകാശിയായ ശ്രീമതി. ശാന്ത.സി.ഇ. യെ കൊല്ലം കോർപ്പറേറ്റ് മാനേജർ എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ ശ്രീമതി. വിജയമ്മയുടെ അവധി ഒഴിവിൽ എൻ.എസ്.എം.ജി.എച്ച്.എസ് കൊട്ടിയം സ്കൂളിൽ 05.06.2006 മുതൽ 31.08.2006 വരെ നിയമിച്ചു. 2006-2007 ലെ അധിക എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ 26.07.2006 മുതൽ 31.05.2007 വരെ ശ്രീമതി. ശാന്ത.സി.ഇ. യെ എൻ.എസ്.എം.ജി.എച്ച്.എസ് കൊട്ടിയം സ്കൂളിൽ നിയമിച്ചു. എന്നാൽ 17.08.2005 ലെ ജി.ഒ. (പി) നമ്പർ 317/2005/പൊ.വി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി നിയമനം അംഗീകരിക്കപ്പെട്ടില്ല. 01.06.2007 മുതൽ റെഗുലറായി ശാന്ത.സി.ഇ യെ നിമിക്കുകയും നിയമനത്തിന് അംഗീകാരം ലഭിക്കുകയും ചെയ്തു.

12.01.2010 ലെ ജി.ഒ(പി) 10/2010/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അധിക

തസ്തികയിൽ നിലവിലുണ്ടായിരുന്ന നിയമന നിരോധനം സർക്കാർ പിൻവലിക്കുകയും നിയമന നിരോധന കാലയളവിലെ തസ്തികകൾ അനുവദിക്കുന്നതിനും ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് 01.06.2010 ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെ നിയമിച്ചു കൊള്ളാമെന്ന് ബോണ്ട് മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് നിയമന നിരോധന കാലയളവിലെ നിയമനം അംഗീകരിക്കാമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ കൊല്ലം കോർപ്പറേറ്റ് മാനേജർ ഇത്തരത്തിൽ ബോണ്ട് സമർപ്പിച്ചിട്ടില്ല. കൊല്ലം കാത്തലിക് സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാർ ഉത്തരവ് നമ്പർ 10/2010/പൊ.വി.വ. ലെ വ്യവസ്ഥകൾക്ക് എതിരായി സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്.

17/08/2005-ലെ ജി.ഒ. (പി) 317/2005 നമ്പർ ഉത്തരവ് പ്രകാരം 2006-2007 മുതൽ അധിക തസ്തികകളിൽ നിയമനം നിരോധനം ഏർപ്പെടുത്തുകയും തുടർന്ന് 12/02/2010 ലെ ജി.ഒ.(പി) 10/2010/പൊ.വി.വ. ഉത്തരവ് പ്രകാരം നിയമന നിരോധനം മുൻകാല പ്രാബല്യത്തോടെ സർക്കാർ പിൻവലിക്കുകയും ചെയ്തപ്പോൾ അധിക തസ്തികകളിൽ ജോലി ചെയ്തിരുന്ന അധ്യാപകരുടെ നിയമന നിരോധന കാലയളവിലെ സേവനം അംഗീകരിക്കുന്നതിന് മാനേജർ ബോണ്ട് സമർപ്പിച്ചില്ലെങ്കിലും ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് നിയമനങ്ങൾ അംഗീകരിക്കുന്നതിന് കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഇതേ മാനേജ്മെൻ്റിൽപ്പെട്ട സ്കൂളുകളിൽ ഉൾപ്പെടെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

ഈ സാഹചര്യത്തിൽ ശ്രീമതി. ശാന്ത.സി.ഇ. യുടെ 26.07.2006 മുതൽ 31.05.2007 വരെയുള്ള കൊട്ടിയം എൻ.എസ്.എം.ജി.എച്ച്.എസ്-ലെ എച്ച്.എസ്.ടി.(മലയാളം) നിയമനം മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി ടി കേസിലെ സുപ്രീംകോടതി വിധിക്ക് വിധേയമായി അംഗീകരിക്കാമോ എന്നത് സർക്കാർ പരിശോധിച്ചു.

മേൽ സാഹചര്യത്തിൽ, ശ്രീമതി. ശാന്ത സി.ഇ - യെ 26.07.2006 മുതൽ 31.05.2007 വരെയുള്ള കാലയളവിൽ കൊട്ടിയം എൻ.എസ്.എം.ജി.എച്ച്.എസ് -ൽ എച്ച്.എസ്.ടി (മലയാളം) ആയി നിയമിച്ച നടപടി, മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണിച്ച് അംഗീകരിക്കാവുന്നതാണ്. നിലവിൽ വ്യവസ്ഥാപിത തസ്തിക ഉണ്ടെങ്കിൽ മാത്രം ബാധകമായ ഈ അംഗീകാരം, സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കും എന്ന നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി, അപ്രകാരം കൊല്ലം കാഞ്ഞിരക്കോട് സെൻറ് ആൻറണീസ് എച്ച്.എസ്.എസ്.-ലെ റിട്ടയേർഡ് എച്ച്.എസ്.ടി. (മലയാളം) ആയ ശ്രീമതി. ശാന്ത.സി.ഇ. ഫയൽ ചെയ്ത പരാമർശം (2) ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി. ശാന്ത.സി.ഇ., എച്ച്.എസ്.ടി. (മലയാളം), സെൻറ് ആൻറണീസ് എച്ച്.എസ്.എസ്., കാഞ്ഞിരക്കോട്, കൊല്ലം
കോർപ്പറേറ്റ് മാനേജർ, കത്തോലിക് സ്കൂൾസ്, ബിഷപ്പ് ഹൗസ്, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/603/2025-G.EDN തീയതി: 21.03.2026 )
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 01-06-2026 12:53:20
സെക്ഷൻ ഓഫീസർ